ഉത്തരം

(എ) 82 കേസുകൾക്ക് മഹസ്സർ എഴുതിയിട്ടുണ്ട്.

(ബി) 75,92,800 രൂപ.

(സി) 62 ഉദ്യോഗസ്ഥന്മാർ.

(ഡി) ഉണ്ട്.

(ഇ) 40 ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

വേളൂർ തേക്കുതോട്ടത്തിലെ തേക്കുതടി കാണാതായ സംഭവം

46 (3578) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ കോതമംഗലം ഡിവിഷനിൽ തൊടുപുഴ റെയിഞ്ചിൽ 40 ഹെക്ടർ വിസ്തൃതിയുള്ള വേളൂർ തേക്കുതോട്ടത്തിലെ തേക്കുതടി മുഴുവൻ കാണാതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പോലീസ് വിജിലൻസ് വിഭാഗത്തിനെക്കൊണ്ട് അന്വേഷണം നടത്തുമോ ;

(സി) പ്രസ്തുത തേക്കുതോട്ടത്തിലെ തേക്കുതടി കാണാതായതു സംബന്ധിച്ച് സർക്കാരിന് എന്തു നഷ്ടം സംഭവിച്ചിട്ടുണ്ട് ;

(ഡി) ഇതിന് ഉത്തരവാദികളായ ഡി. എഫ്. ഒ. യുടെയും റെയിഞ്ച് ഓഫീസറുടെയും മറ്റു ഉദ്യോഗസ്ഥന്മാരുടെയും പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നെയ്യാർഡാം വന്യജീവി സംരക്ഷണ കേന്ദ്രത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

47 (3579) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർഡാം വന്യജീവി സംരക്ഷണ കേന്ദ്രത്തിലെ ക്രമക്കേടുകളെക്കുറിച്ച് 1994-ൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തുതരം അന്വേഷണമാണ് നടത്തിയത് ; ആർക്കായിരുന്നു അന്വേഷണ ചുമതല ; ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ഡി) കേസ് അന്വേഷണം ഏതവസ്ഥയിലാണ് ; വിശദവിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് വിജിലൻസ് അന്വേഷണമാണ് നടത്തിയത്. തിരുവനന്തപുരം ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആയിരുന്നു അന്വേഷണ ചുമതല വഹിച്ചത്. എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുള്ളതിന്റെ വിശദവിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(സി) ആർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(ഡി) കേസ് അന്വേഷണം ഏത് അവസ്ഥയിലാണെന്നും, കേസ് സംബന്ധിച്ചുള്ള മറ്റുവിശദവിവരങ്ങളും ഈ വകുപ്പിൽ ലഭ്യമല്ല.

മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ കുമ്പിൾ പ്ലാന്റേഷനെതിരെ വിജിലൻസ് കേസ്

48 (3580) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ കുമ്പിൾ പ്ലാന്റേഷനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ;

(സി) മേൽപ്പറഞ്ഞ പ്ലാന്റേഷനിൽനിന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന് ഏതുതരം മരങ്ങളാണ് നൽകിയിട്ടുള്ളത് ;

(ഡി) ഇതു സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) വിജിലൻസ് കേസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണത്തിൽ മലയാറ്റൂർ ഡിവിഷനിലെ 1977 മേക്കപ്പാല മിസലേനിയസ് പ്ലാന്റേഷനിൽ നിന്നും മെ. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റു് ലിമിറ്റഡ് കമ്പനിക്ക് അലോട്ട് ചെയ്തുകൊടുത്ത 500 മെ.ടൺ കുമ്പിൾ തടി കമ്പനി വെട്ടി ശേഖരിച്ചു നീക്കം ചെയ്തപ്പോൾ 247.06 മെ.ടൺ കുമ്പിൾ തടി നഷ്ടപ്പെട്ടിട്ടുള്ളതായിട്ട് കണക്കാക്കിയിട്ടുണ്ട്. ഇത് വിശദമായി പരിശോധിച്ചുവരുന്നു. കൂടാതെ ടി തോട്ടം വനം വകുപ്പ് വച്ചു പിടിപ്പിച്ചിട്ടുള്ളതാണെന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റു് ലിമിറ്റഡിന്റെ യൂക്കാലിപ്റ്റ്സ് ഫംഗസ് ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് വച്ച് പിടിപ്പിച്ചതല്ലെന്നും റിപ്പോർട്ടുചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly